വൈദ്യുതക്ഷാമം ഒഴിവാക്കാനായി പുതിയ ജലവൈദ്യുത പദ്ധതികൾ

119 (3919) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഒഴിവാക്കാനായി പുതിയ ചെറിയ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) ഓരോന്നിന്റെയും ആകെ ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ചെളിക്കൽ, വാക്കല്ലാർ, അച്ചൻകോവിൽ തുടങ്ങിയ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ പുതിയ പദ്ധതികൾകൂടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതി ബോർഡ് നേരിട്ട് 32 ചെറുകിട പദ്ധതികളും സ്വകാര്യ മേഖലയിൽ 61 ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയാൽ മാത്രമേ പദ്ധതിയുടെ അടങ്കൽ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളു. അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1. ചീമേനി (2.5 മെഗാവാട്ട്) - 10 കോടി (1999 ഷെഡ്യൂൾ റേറ്റ്)
2. പീച്ചി (1.5 മെഗാവാട്ട്) - 5.8 കോടി (1999 ഷെഡ്യൂൾ റേറ്റ്)
3. മണിയാർ ടേൽറേസ് (5 എം. ഡബ്ല്യൂ) 18.10 കോടി (1999 ഷെഡ്യൂൾ)

(സി) മേൽപ്പറഞ്ഞ 32 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ചെളിക്കല്ലാർ, വക്കല്ലാർ എന്നീ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അച്ചൻകോവിൽ പദ്ധതിയുടെ സ്ഥാപിത ശേഷി 30 മെഗാവാട്ട് ആയതിനാൽ ചെറുകിട പദ്ധതികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അച്ചൻകോവിൽ പദ്ധതിയും ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ഡി) ഈ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly